(12) കൊടുങ്കാറ്റിൽ നാശനഷ്ടങ്ങളുണ്ടായവർക്ക് സഹായം

ഡോ. എ. വി. ഐസക്: മൂവാറ്റുപുഴയിലെ ആവോലി, ആയവന മുതലായ സ്ഥലങ്ങളിൽ 31-3-1991-നുണ്ടായ ഭീകരമായ കൊടുങ്കാറ്റിന്റെ ഫലമായി ഒട്ടേറെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരുപാട് വീടുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ഇടത്തരം ചെറിയ ഭവനങ്ങളൊക്കെ നഷ്ടപ്പെട്ടിട്ടുണ്ട്. അധികൃതമായ കണക്കനുസരിച്ച് അൻപത് ലക്ഷത്തിനു മുകളിലും ഒരു കോടിക്ക് താഴെയുമുള്ള നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്ക്. നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ആ സ്ഥലം സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള കോളേജിന്റെ മേൽക്കൂര തകർന്നിട്ടുണ്ട്. സെൻറ് മൈക്കിൾസ് സ്ക്കൂൾ ഈ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിട്ടുണ്ട്. ആവോലി പഞ്ചായത്ത് പ്രസിഡൻറിന്റെ 7 ഏക്കർ സ്ഥലത്തുള്ള റബ്ബർ അതുപോലെ പോയിട്ടുണ്ട്. 146 മരങ്ങളുള്ള ഒരാൾക്ക് രണ്ട് മരം മാത്രം അവശേഷിച്ചിട്ടുണ്ട്. നിരാലംബരായ ഇവർക്ക് പ്രകൃതിക്ഷോഭത്തിനുള്ള ഫണ്ടിൽനിന്ന് ഏറ്റവും കുറഞ്ഞത് പത്ത് ലക്ഷം രൂപയെങ്കിലും കൊടുത്ത് അവർക്ക് ഇപ്പോൾ വേണ്ട സഹായം ചെയ്യണമെന്ന് ഞാൻ റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, 31-3-1991-ന് രാത്രി മൂവാറ്റുപുഴ പ്രദേശത്തുണ്ടായ ശക്തിയായ കൊടുങ്കാറ്റിനേറയും പേമാരിയുടേയും ഫലമായി വൻപിച്ച നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എത്താണ്ട് പത്ത് ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് ഞങ്ങളുടെ കയ്യിൽ കിട്ടിയിട്ടുള്ള കണക്ക്. നാശനഷ്ടം സംഭവിച്ചാൽ അതിന് മുഴുവനും നഷ്ടപരിഹാരം കൊടുക്കാൻ കഴിയുന്ന കാര്യമല്ലെന്ന് എല്ലാവർക്കുമറിയാം. എന്നാൽ ചെയ്യാൻ കഴിയുന്ന എല്ലാ സഹായവും ചെയ്യാം. പൂർണ്ണമായും വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 1500 രൂപാ വീതം ദുരിതാശ്വാസ നിധിയിൽ നിന്ന് ഇന്ന് വിതരണം ചെയ്യുന്നുണ്ട്. അതുപോലെ ഭാഗീകമായി വീട് നശിച്ചവർക്ക് മറ്റുവിധത്തിലുള്ള സഹായങ്ങളും ചെയ്യുന്നുണ്ട്. ഈ കാര്യങ്ങളെല്ലാം അടിയന്തിരമായി ചെയ്യുന്നതാണ്. കാർഷികമേഖലയിലുണ്ടായ നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിക്കിട്ടുന്ന മുറയ്ക്ക് ചെയ്തു കൊടുക്കാൻ കഴിയുന്ന സഹായങ്ങൾ ചെയ്തു കൊടുക്കുന്നതാണ്.

(12) മലയോര കർഷകർക്ക് കൈവശരേഖ

ശ്രീ. എ. എം. പരമൻ: സർ, എന്റെ നിയോജകമണ്ഡലം മലയോര പ്രദേശങ്ങളിലുൾപ്പെടുന്ന ഒരു പ്രദേശമാണ്. അവിടെ എൻ. ആർ. എഫ്. എന്നു പറയുന്ന മലയോര കർഷകരുടെ ഒരു വിഭാഗമുണ്ട്. നോൺ റിസർവ് ഫോറസ്റ്റ് ഭൂമി എന്നുള്ളതിനാണ് എൻ. ആർ. എഫ്. എന്നു പറയുന്നത്. അവർ 1957 മുതൽ അവിടെ കുടിയേറിപ്പാർത്ത് ആ ഭൂമിയിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ആളുകളാണ്. അവർക്കിപ്പോൾ കൈവശരേഖ കൊടുക്കുന്നില്ല. യഥാർത്ഥത്തിൽ പട്ടയം കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly